# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **16-03-2022 - ൽ മറുപടിയ്ക്ക്**

## ഐസൊലേഷൻ വാർഡ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 140 മണ്ഡലങ്ങളിലും 10 ബെഡ് കൂടിയുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ കെ.എം.എസ്.സി.എൽ എന്ന ഏജൻസിയെ കിഫ്ബി വഴി തിരഞ്ഞടുക്കാൻ തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കിഫ്ബി മുഖാന്തിരമുള്ള നിർമ്മാണ പ്രവ ർത്തികൾക്ക് ഒരു നിർവഹണ ഏജൻസി (SPV) ഉണ്ടായിരിക്കേണ്ട തുള്ളതിനാൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനമായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ SPV ആയി നിശ്ചയിച്ചു. ആർദ്രം മിഷന്റെ ഭാഗമായി കാത്ത് ലാബുകളും ഡയാലിസിസ് കേന്ദ്രങ്ങളും കിഫ്ബി ധന സഹായത്തോടു കൂടി നിർമ്മിക്കുന്നതിനുള്ള ചുമതലയും നേരത്തേ KMSCL നായിരുന്നു. |
| (ബി) | ഏകദേശം രണ്ട് കോടി രൂപ ചെലവഴിച്ച് 10 ബെഡ് ഉള്ള ഐസൊലേഷൻ വാർഡ് പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പകരം ഈ തുക ചെലവഴിച്ച് മണ്ഡലത്തിലെ സി.എച്ച്.സി യിലോ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് ബിൽഡിംഗോടുകൂടിയുള്ള ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സി.എച്ച്.സി. തലം വരെയുള്ള 90 സ്ഥലങ്ങളിൽ പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം ആരം ഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇതിൽ 35 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളിടങ്ങളിലും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ 690/ എഫ്2/21 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് തല ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതിലെ അപാകത സംബന്ധിച്ച് ബഹു. വള്ളിക്കുന്ന് നിയമ സഭാംഗം ശ്രീ. അബ്ദുൽ ഹമീദ് പി സമർപ്പിച്ച അപേക്ഷ വിശദമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 16.10.2021 തീയതിയിലെ എഫ്2/690/2021/ആ.കു.വ നമ്പർ കത്ത് മുഖാന്തിരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനും നൽകിയിരുന്നു. നിലവിൽ സ്റ്റിയറിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത 90 സ്ഥലങ്ങളിൽ പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കു ന്നതിനും, മറ്റുള്ളവയിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സ്ഥലവും സൗകര്യവുമുള്ള ഒരു ആശുപത്രി കണ്ടെത്തി |

| | | | |
|---|---|---|---|
| | | | നേരത്തെ തീരുമാനിച്ച രീതിയിലുള്ള നിർമ്മാണം നടത്തുന്നതിനാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ